# കസ്റ്റഡി മരണങ്ങൾ പെരുകുന്നു

## താഹിറ സഫർ

**ന്യൂദൽഹി** കേന്ദ്രമായി പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനയായ എ.സി.എച്ച്.ആർ (Asian Centre for Human Rights) 'ഇന്ത്യയിലെ പീഡനങ്ങൾ 2010' എന്ന പേരിൽ പുറത്തിറക്കിയ റിപ്പോർട്ടിൽ ഇന്ത്യയിൽ കസ്റ്റഡി സംഭവങ്ങളിൽ വ്യാപകമായി വർധിക്കുന്നുവെന്നും അതിന്റെ കാരണം അത്തരം മരണങ്ങളിലെ കുറ്റവാളികൾക്ക് നൽകപ്പെടുന്ന ശിക്ഷയിളവുകളാണെന്നും സമർഥിക്കുന്നു. കസ്റ്റഡി മരണം പോലുള്ള കുറ്റകൃത്യങ്ങളിൽ ക്രിമിനൽ പ്രൊസീജിയർ കോഡ് 197-ാം വകുപ്പിനു കീഴിൽ പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി നൽകാൻ കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ വിസമ്മതിക്കുന്നതായി റിപ്പോർട്ട് കുറ്റപ്പെടുത്തുന്നു.

2004-2005, 2007-'08 കാലയളവിൽ കസ്റ്റഡി മരണ എണ്ണത്തിൽ 41.66 ശതമാനം വർധനയുണ്ടായിട്ടുണ്ട്. ഇതിൽ 70-72 ശതമാനം ജയിൽ കസ്റ്റഡിയിലും 12.60 ശതമാനം പോലീസ് കസ്റ്റഡിയിലുമാണ് സംഭവിച്ചിട്ടുള്ളതെന്ന് എ.സി.എച്ച്.ആർ ഡയറക്ടർ സുഹാസ് ചക്മ വെളിപ്പെടുത്തുന്നു. "മനുഷ്യത്വ വിരുദ്ധമായ ഇത്തരം പീഡനങ്ങൾ നേരിടേണ്ടിവരുന്നത് സാധാരണക്കാർ മാത്രമാണ്. ഇത്തരം മനുഷ്യാവകാശ ലംഘനങ്ങളെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നതിൽ യു.പി.എ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു"- അദ്ദേഹം പറയുന്നു.

"തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള നിയമനിർമാണവും ഭക്ഷ്യ സുരക്ഷാ ബില്ലിനോടും സ്ത്രീ സംവരണ ബില്ലിനോടും കാണിക്കുന്ന പ്രതിബദ്ധതയും 2005-ലെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമവും ഗാർഹിക പീഡന നിയമവും വിദ്യാഭ്യാസാവകാശ നിയമവും 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വ നിയമവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നയവും ഇതുപോലുള്ള ഒട്ടേറെ വ്യത്യസ്തമായ നിയമനിർമാണങ്ങളിലൂടെ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ സംരക്ഷിക്കാൻ യു.പി.എ സർക്കാർ നടത്തുന്ന ശ്രമങ്ങളും ശ്ലാഘനീയമാണ്.

എന്നാൽ, പീഡനങ്ങൾക്കെതിരെ നിയമനിർമാണം നടത്തുന്നതിൽ യു.പി.എ സർക്കാർ അശേഷം ജാഗ്രത കാണിക്കുന്നില്ല. പീഡന നിരോധന ബിൽ 2010 പാർലമെന്റിലവതരിപ്പിക്കാൻ സർക്കാർ അനുമതി നൽകിയെങ്കിൽ കൂടി പ്രസ്തുത ബിൽ ഭരണഘടനാ രഹസ്യമായാണ് പരിഗണിക്കപ്പെടുന്നത്. ഇത് കാണിക്കുന്നത് ഗവൺമെന്റിന് 2008-ലെ പീഡന നിരോധന ബില്ലിലെ പോലെ തന്നെ എന്തോ ഒളിച്ചുവെക്കാനുണ്ട് എന്നാണ്"- അദ്ദേഹം പറഞ്ഞു.

മുമ്പാകെ കസ്റ്റഡി മരണത്തിൽ സംസ്ഥാന സർക്കാറിനെ മാത്രം ഉത്തരവാദിയാക്കാനുള്ള ആഭ്യന്തര മന്ത്രാലയത്തിന്റെ ശ്രമങ്ങളിൽ എ.സി.എച്ച്.ആറിന് വിയോജിപ്പുണ്ട്. പോലീസും ക്രമസമാധാനവും സംസ്ഥാന വിഷയമാണെന്നും ഉചിതമായ തീരുമാനമെടുക്കേണ്ടത് സംസ്ഥാന സർക്കാറാണെന്നും ആഭ്യന്തര മന്ത്രാലയം ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നേരിട്ട് ഭരിക്കുന്ന കേന്ദ്ര ഭരണ പ്രദേശങ്ങളിൽ പോലും കസ്റ്റഡി മരണങ്ങൾക്കെതിരായി നടപടിയെടുക്കുന്നതിൽ കേന്ദ്രം പരാജയപ്പെട്ടതായി റിപ്പോർട്ട് കുറ്റപ്പെടുത്തുന്നു. "1999-2009-ൽ കോൺഗ്രസ് പാർട്ടി ഭരിച്ച മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതൽ കസ്റ്റഡി മരണങ്ങൾ (246 കേസുകൾ) രേഖപ്പെടുത്തിയത്. ഇതിനു പിറകെ ഉത്തർപ്രദേശ് (165), ഗുജറാത്ത് (139), വെസ്റ്റ് ബംഗാൾ (112), ആന്ധ്രപ്രദേശ് (99), തമിഴ്നാട് (93), ആസ്സാം (91), പഞ്ചാബ് (71), കർണാടക (69), മധ്യപ്രദേശ് (66), ഹരിയാന (45), ഒറീസ (27), ഛത്തീസ്ഗഢ് (23), മേഘാലയ (17), അരുണാചൽ പ്രദേശ് (15), ത്രിപുര (9), ഗോവ (5), ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ഛത്തീസ്ഗഢ് (4 വീതം), പോണ്ടിച്ചേരി (3), മിസ്സോറാം, സിക്കിം, ഓദ്രാ ആന്റ് നഗർ ഹവേലി, ആന്തമാൻ ആന്റ് നിക്കോബാർ അയലന്റ് (1 വീതം)"- റിപ്പോർട്ട് പറയുന്നു.

കസ്റ്റഡി മരണ കേസുകളിൽ, കുറ്റം തെളിയിക്കാനുള്ള ഉത്തരവാദിത്വം പോലീസിനാണെന്ന 1872-ലെ ഇന്ത്യൻ എവിഡൻസ് ആക്ട് ഭേദഗതി ചെയ്യാനുള്ള (114 ബി കൂടി ചേർത്തുകൊണ്ട്) ലോ കമീഷൻ ഓഫ് ഇന്ത്യയുടെ ശിപാർശകളും നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് വിസമ്മതിച്ചു.

"പ്രിവൻഷൻ ഓഫ് ടോർച്ചർ ബിൽ 2010 കൊണ്ടുവരാനുള്ള തീരുമാനം എന്തുകൊണ്ടും സ്വാഗതാർഹമാണ്. ക്രിമിനൽ പ്രൊസീജിയർ കോഡ് ഭേദഗതി ചെയ്യുന്നതോടൊപ്പം നിലവിലുള്ള പരിമിതികൾ പരിഹരിക്കാതെ സർക്കാർ മുന്നോട്ടുപോയാൽ പീഡനങ്ങളും കസ്റ്റഡി മരണങ്ങളും ഇനിയും വർധിച്ചുകൊണ്ടേയിരിക്കും"- എ.സി.എച്ച്.ആർ ഡയറക്ടർ പറഞ്ഞു.

'പീഡന നിരോധന ബിൽ 2010'നെ പറ്റി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും പൗരസമൂഹവുമായും ന്യൂദൽഹി സംവാദം നടത്തണമെന്നും 2010-ൽ തന്നെ നടപ്പിലാക്കണമെന്നും എ.സി.എച്ച്.ആർ ശിപാർശ ചെയ്യുന്നു. കസ്റ്റഡി മരണങ്ങളിൽ പോലീസിന്റെ നിരപരാധിത്വം തെളിയിക്കേണ്ടത് അവരുടെ തന്നെ ബാധ്യതയാണെന്നുള്ള ഇന്ത്യൻ എവിഡൻസ് ആക്ട് 1872 (114 കൂടി ചേർത്തുകൊണ്ട്) നടപ്പിലാക്കണമെന്നും ജുഡീഷ്യറിയുടെ അപ്രമാദിത്വം ഉയർത്തിപ്പിടിക്കാൻ ക്രിമിനൽ പ്രൊസീജിയർ കോഡ് സെക്ഷൻ 197 പിൻവലിക്കണമെന്നും എ.സി.എച്ച്.ആർ ആവശ്യപ്പെടുന്നു. ■